ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെയുള്ള ആക്ഷേപം കിട്ടിയിട്ടുണ്ട്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: അതിന്മേൽ എന്തു നടപടിനടത്തിയെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിന്മേൽ നടപടി നടത്തിയിട്ടില്ല.

ஸ்ரீ. ஏ. சிதம்பரநாத நாடார்: கிருஷிச்செலவுகளைத் திட்டப்படுத்தி முடிவு கட்டக்கூடிய Expert யார் என்று சொல்ல முடியுமா?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവണ്മെൻറുദ്യോഗസ്ഥന്മാർ തന്നെയാണ്.

ஸ்ரீ. ஏ. சிதம்பரநாத நாடார்: கவர்மென்று உத்தியோகஸ்தர் முறையில் யாருக்காவது.....

Mr. Speaker: That question is disallowed.

ടെയിനിംഗ് അദ്ധ്യാപകന്മാർ

* ൭൯൫. (൪) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

൧൯൫൬,—൧൯൫൯ ഇയാണ്ടിൽ തിരുവിതാംകൂർ ഗവണ്മെണ്ടിൽ നിന്നും മദ്രാസിൽ അഡയാറിലുള്ള Arundale മോണ്ടിസോറി സെൻററിൽ ടെയിനിംഗിനു് അയച്ചിരുന്നവരും പരിശീലനം കഴിഞ്ഞുവന്നവരുമായ അദ്ധ്യാപകന്മാർ ഏതെങ്കിലും സ്കൂളുകളിൽ കൂട്ടികൾക്കു് ടെയിനിംഗ് കൊടുക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെ, ഏതെല്ലാം സ്കൂളുകളിൽ; ഇല്ലെങ്കിൽ എന്തുകൊണ്ടു്?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ഇല്ല. ടെയിനിംഗ് കഴിഞ്ഞുവന്ന അദ്ധ്യാപകന്മാരാരും "മോണ്ടിസോറി ടെയിനിംഗ്" കൂട്ടികൾക്കു് ഇപ്പോൾ കൊടുക്കുന്നതിനു് വ്യവസ്ഥയില്ല. ചോദ്യത്തിലെ രണ്ടാമത്തെ ഭാഗം ഉദിക്കുന്നില്ല. സാങ്കേതികനില അനുവദിക്കാത്തതിനാൽ ഈ പദ്ധതി തല്ക്കാലം നിറുത്തിവച്ചിരിക്കുകയാകുന്നു.

ശ്രീ. കൃഷ്ണനയ്യപ്പൻ: ടെയിനിംഗിനു് എത്ര പേരെയാണു് അയച്ചതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിപ്പോൾ കൃത്യമായിപ്പറയാൻ നിവൃത്തിയില്ല.

ശ്രീ. കൃഷ്ണനയ്യപ്പൻ: അതിനെന്തു ചെലവു് വന്നു?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതും ഇപ്പോൾ പറയാൻ നിവൃത്തിയില്ല. നോട്ടീസുവേണം.

തിരുവല്ലായിലെ നെല്ലുസംഭരണം

* ൭൯൬. (൪) ശ്രീ. കെ. എ. മാത്യു: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ക്ഷേമവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവല്ലാ താലൂക്കിൽനിന്നും ൧൯൫൬, ൧൯൫൭, ൧൯൫൪ എന്നീ വർഷങ്ങളിൽ എത്രായിരുപ്പറ നെല്ലു് ഗവണ്മെണ്ടിൽനിന്നും സംഭരിച്ചിട്ടുണ്ടു്;

LIBRARY ARCHIVES Kerala Legislative Assembly